"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.7/2025/TSM തീയതി,തിരുവനന്തപുരം, 06-05-2025

---

പരാമർശം:- 1. സ.ഉ(പി) 27/2021/ധന തീയതി 10.02.2021

2. കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 08.03.2021, 14.08.2024-തീയതികളിലെ യഥാക്രമം കെ.ടി.ഐ.എൽ/ഫിൻ/2021/51-2021, കെ.ടി.ഐ.എൽ/ഫിൻ/2024/232-14 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ശിപാർശകൾക്ക് അനുസൃതമായി പരാമർശം (1) ഉത്തരവ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം 01.07.2019 മുതൽ പ്രാബല്യത്തോടെ കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ ജീവനക്കാർക്ക് കൂടി അനുവദിച്ചു നൽകുവാൻ അഭ്യർത്ഥിച്ചുകൊണ്ട്, കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 10.02.2021 ലെ സ.ഉ(പി)നം.27/2021/ധന ഉത്തരവിനെ അടിസ്ഥാനമാക്കി, 01.07.2019 പ്രാബല്യത്തിൽ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ജീവനക്കാർക്ക്, ചുവടെ ചേർക്കുന്ന നിബന്ധനകളോടെ, പതിനൊന്നാം ശമ്പള പരിഷ്ക്കരണം, അനുവദിച്ച് ഉത്തരവാകുന്നു.

1. മേൽ ശമ്പള പരിഷ്ക്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ് .

2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ(പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം

പരിഷ്ക്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. കെ.ടി.ഐ.എൽ ലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. കെ.ടി.ഐ.എൽ ലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

8. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

9. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

10. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

12. ശമ്പള പരിഷ്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

13. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

14. ഇ.പി.എഫ് ലേയ്ക്കുള്ള പരമാവധി തൊഴിലുടമ വിഹിതം 15000 (BP+DA) രൂപയുടെ 12% ആയിരിക്കും.

15. താൽക്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്ക്കരണം ബാധകമല്ല. താൽക്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

16. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കെ.ടി.ഐ.എൽ ലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

17. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കെ.ടി.ഐ.എൽ -ൽ നടപ്പാക്കാൻ പാടില്ല.

18. ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത കെ.ടി.ഐ.എൽ സ്വന്തം വരുമാന മാർഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

19. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കെ.ടി.ഐ.എൽ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

20. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി) 1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

3. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ വിവിധ തസ്തികകളുടെ നിലവിലുള്ളതും പുതുക്കിയതുമായ ശമ്പള സ്കെയിലുകൾ ചുവടെ ചേർക്കും പ്രകാരം ആയിരിക്കുന്നതാണ്:-

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | നിലവിലുള്ള ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|---|---|---|
| 1 | ജനറൽ മാനേജർ | 1 | 85000-117600 | 118100-163400 |
| 2 | ഫിനാൻസ് മാനേജർ | 1 | അന്യത്ര സേവനം | മാതൃ വകുപ്പിന് സമാനം |
| 3 | പ്രോജക്ട് മാനേജർ | 1 | 77400-115200 | 107800-160000 |
| 4 | ഡെപ്യൂട്ടി പ്രോജക്ട് മാനേജർ | 1 | 55350-101400 | 77200-140500 |
| 5 | മാനേജിംഗ് ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 26500-56700 | 37400-79000 |
| 6 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 22200-48000 | 31100-66800 |
| 7 | ഡ്രൈവർ | 2 | 18000-41500 | 25100-57900 |
| 8 | അറ്റൻഡർ | 1 | 17000-37500 | 23700-52600 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1/ഓഡിറ്റ് 2), കേരള, തിരുവനന്തപുരം
പൊതു ഭരണ ( എസ്.സി) വകുപ്പ് (30.04.2025-ലെ ഇനം-2884 പ്രകാരം)
ധനകാര്യ (പി.യു-സി) വകുപ്പ്. (21.02.2025 ലെ 1761019/പി.യു-സി 3/57/2021-ധന നമ്പർ അഭിപ്രായം പ്രകാരം)
ആസൂത്ര സാമ്പത്തിക കാര്യ വകുപ്പ്.(28.03.2023, 25.09.2023 ലെ PLGEA-BPE2/82/2023-PLGEA നമ്പർ അഭിപ്രായം പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 06-05-2025 14:04:15

സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. ടൂർ-ബി1/57/2021/ടൂർ.

ഇനം നം: 2884

വിഷയം : വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2884

| | | | |
|---|---|---|---|
| 1. | ഫയൽ | : | ടൂർ-ബി1/57/2021-ടൂർ |
| 2. | വകുപ്പ് | : | വിനോദ സഞ്ചാര (ബി) വകുപ്പ് |
| 3. | വിഷയം | : | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയിതി | : | 01.04.2025 |
| 5. | (എ) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | അതെ |
| | (ബി) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ | : | അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കാള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ജഗദീശ് ഡി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ ബിജു. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.04.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

10.02.2021 ലെ സ.ഉ(പി) 27/2021/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ ജീവനക്കാർക്ക് ബാധകമാക്കുന്നതു സംബന്ധിച്ച് കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

'സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള ഏകീകരണം സംബന്ധിച്ചുള്ള വിദഗ്ധ സമിതിയുടെ ശിപാർശകൾ നടപ്പാക്കിക്കൊണ്ടുള്ള 29.10.2022 ലെ സ.ഉ.(പി) നം.131/2022/ധന ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപ്രകാരം ആദ്യം സ്ഥാപനത്തെ ക്ലാസിഫൈ ചെയ്യുന്നതിലേയ്ക്കായുള്ള പ്രൊപ്പോസൽ പ്ലാനിംഗ് വകുപ്പിൽ സമർപ്പിക്കുവാനും അതിനുശേഷം മേൽ ഉത്തരവ് പ്രകാരം ശമ്പളസ്കെയിലുകൾ നിശ്ചയിക്കുന്നതിലേയ്ക്കായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എം.ഡി യോട് ആവശ്യപ്പെടേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു'.

3. 29.10.2022 ലെ സ.ഉ (പി) നം.131/2022/ധന ഉത്തരവിലെ മാർഗ നിർദ്ദേശത്തിനനുസൃതമായി, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ ക്ലാസിഫൈ ചെയ്യുന്നതിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ സമർപ്പിക്കുകയും, ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു.

' File is returned to the Administrative Department along with a copy of the minutes of Public Enterprises Board meeting held on 14/08/2023 and GO(P)No.18/2023/P&EA dated 20/09/2023 for further necessary action. Administrative Department is also informed that Kerala Tourism Infrastructure Ltd. is placed under Category D'.

4. 29.10.2022 ലെ സ.ഉ (പി) നം.131/2022/ധന ഉത്തരവ് പ്രകാരം ശമ്പളസ്കെയിലുകൾ നിശ്ചയിക്കുന്നതിലേയ്ക്കായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ, ടി പ്രൊപ്പോസൽ ചുവടെപ്പറയും പ്രകാരം ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായി.

'സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 10.02.2021 ലെ സ.ഉ(പി)നം.27/2021/ധന ഉത്തരവ് മുഖേന നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്ക്കരണം അടിസ്ഥാനമാക്കി, 01.07.2019 പ്രാബല്യത്തിൽ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്ക്കരണം താഴെ പറയുന്ന നിബന്ധനകളോടെ പരിഷ്ക്കരിക്കാവുന്നതാണ്.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | നിലവിലുള്ള ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|---|---|---|
| 1 | ജനറൽ മാനേജർ | 1 | 85000-117600 | 118100-163400 |
| 2 | ഫിനാൻസ് മാനേജർ | 1 | അന്യത്ര സേവനം | മാതൃ വകുപ്പിന് സമാനം |
| 3 | പ്രോജക്ട് മാനേജർ | 1 | 77400-115200 | 107800-160000 |

| | | | | |
|---|---|---|---|---|
| 4 | ഡെപ്യൂട്ടി പ്രോജക്ട് മാനേജർ | 1 | 55350-101400 | 77200-140500 |
| 5 | മാനേജിംഗ് ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 26500-56700 | 37400-79000 |
| 6 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 22200-48000 | 31100-66800 |
| 7 | ഡ്രൈവർ | 2 | 18000-41500 | 25100-57900 |
| 8 | അറ്റൻഡർ | 1 | 17000-37500 | 23700-52600 |

1. മേൽ ശമ്പള പരിഷ്ക്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ് .

2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ(പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്ക്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. കെ.റ്റി.ഐ.എൽ ലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്ക്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. കെറ്റി.ഐ.എൽ ലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്ക്കരണ

ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

8. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

9. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

10. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

12. ശമ്പള പരിഷ്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

13. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

14. ഇ.പി.എഫ് ലേയ്ക്കുള്ള പരമാവധി തൊഴിലുടമ വിഹിതം 15000 (BP+DA)

രൂപയുടെ 12% ആയിരിക്കും.

15. താൽക്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്ക്കരണം ബാധകമല്ല. താൽക്കാലിക/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

16. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കെറ്റി.ഐ.എൽ ലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

17. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കെറ്റി.ഐ.എൽ -ൽ നടപ്പാക്കാൻ പാടില്ല.

18. ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത കെറ്റി.ഐ.എൽ സ്വന്തം വരുമാന മാർഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

19. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

20. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി)1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

21. ശമ്പള പരിഷ്ക്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്ക്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക്

അയയ്ക്കുകയും ചെയ്യേണ്ടതാണ്."

5. 10.02.2021 ലെ സ.ഉ(പി) 27/2021/ധന നമ്പർ ഉത്തരവ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്ന വിഷയത്തിന്മേൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

10.02.2021 ലെ സ.ഉ(പി) 27/2021/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ ജീവനക്കാർക്ക് അനുവദിച്ച് നല്കാവുന്നതാണോ ?